പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 132

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 132

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

1057/2022.

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള സർവ്വകലാശാല ആക്റ്റും(1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17),—

(എ) 2-ാം വകുപ്പിൽ, (11)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(11 എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;";

(ബി) 10-ാം വകുപ്പിൽ,—

(i) (1) മുതൽ (3) വരെയുള്ള ഉപവകുപ്പുകൾക്കു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ചാൻസലർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങൾ ശിപാർശ ചെയ്യുന്ന മൂന്നു പേരുകളടങ്ങിയ ഒരു പാനലിൽ നിന്നും ഒരാളെ ചാൻസലർ, വൈസ്-ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത് :—

(i) വൈസ്-ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ - കൺവീനർ;

(ii) ചാൻസലർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iv) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(v) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യു ഒരാൾ:

എന്നാൽ, സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരായ ആളുകളായിരിക്കേണ്ടതും സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടില്ലാത്തതുമാണ്.

(2) സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി, അതിന്റെ നിയമന തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിലോ ഇതിലേയ്ക്കായി ചാൻസലർ നിർദ്ദേശിച്ചേയ്ക്കാവുന്ന ഒരു മാസത്തിൽ അധികരിക്കാത്ത അങ്ങനെയുള്ള അധിക കാലയളവിനുള്ളിലോ പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

(3) ചാൻസലർ, (2)-ാം ഉപവകുപ്പ് പ്രകാരം സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച പാനൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.";

(ii) (4)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iii) (5)-ാം ഉപവകുപ്പിൽ, "അറുപത്" എന്ന വാക്കിനു പകരം "അറുപത്തിയഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5),—

(എ) 2-ാം വകുപ്പിൽ, (11)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(11 എ) " സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;" ;

(ബി) 10-ാം വകുപ്പിൽ,—

(i) (1) മുതൽ (3) വരെയുള്ള ഉപവകുപ്പുകൾക്കു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) ചാൻസലർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങൾ ശിപാർശ ചെയ്യുന്ന മൂന്നു പേരുകളടങ്ങിയ ഒരു പാനലിൽ നിന്നും ഒരാളെ ചാൻസലർ, വൈസ്-ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത് :—

(i) വൈസ്-ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ - കൺവീനർ;

(ii) ചാൻസലർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iv) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(v) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യു ഒരാൾ:

എന്നാൽ, സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരായ ആളുകളായിരിക്കേണ്ടതും സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടില്ലാത്തതുമാണ്.

(2) സെർച്ച് -കം - സെലക്ഷൻ കമ്മിറ്റി, അതിന്റെ നിയമന തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിലോ ഇതിലേയ്ക്കായി ചാൻസലർ നിർദ്ദേശിച്ചേയ്ക്കാവുന്ന ഒരു മാസത്തിൽ അധികരിക്കാത്ത അങ്ങനെയുള്ള അധിക കാലയളവിനുള്ളിലോ പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

(3) ചാൻസലർ, (2)-ാം ഉപവകുപ്പ് പ്രകാരം സെർച്ച് -കം-സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച പാനൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.";

(ii) (4) -ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iii) (5)-ാം ഉപവകുപ്പിൽ, "അറുപത്" എന്ന വാക്കിനു പകരം "അറുപത്തിയഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. <u>1985-ലെ 12-ാം ആക്റ്റിനുള്ള ഭേദഗതി.</u>—1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12), —

(എ) 2-ാം വകുപ്പിൽ, (11)-ാം ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(11 എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;";

(ബി) 10-ാം വകുപ്പിൽ,—

(i) (1) മുതൽ (3) വരെയുള്ള ഉപവകുപ്പുകൾക്കു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) ചാൻസലർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങൾ ശിപാർശ ചെയ്യുന്ന മൂന്നു പേരുകളടങ്ങിയ ഒരു പാനലിൽ നിന്നും ഒരാളെ ചാൻസലർ, വൈസ്-ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത് :—

(i) വൈസ്-ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ - കൺവീനർ;

(ii) ചാൻസലർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iv) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(v) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യു ഒരാൾ:

എന്നാൽ, സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരായ ആളുകളായിരിക്കേണ്ടതും സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടില്ലാത്തതുമാണ്.

(2) സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി, അതിന്റെ നിയമന തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിലോ ഇതിലേയ്ക്കായി ചാൻസലർ നിർദ്ദേശിച്ചേയ്ക്കാവുന്ന ഒരു മാസത്തിൽ അധികരിക്കാത്ത അങ്ങനെയുള്ള അധിക കാലയളവിനുള്ളിലോ പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

(3) ചാൻസലർ, (2)-ാം ഉപവകുപ്പ് പ്രകാരം സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച പാനൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.";

(ii) (4) മുതൽ (8) വരെയുള്ള ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്;

(iii) (9)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) അറുപത്തിയഞ്ച് വയസ്സിൽ കൂടുതലുള്ള യാതൊരാളെയും വൈസ്-ചാൻസലറായി നിയമിക്കാൻ പാടുള്ളതല്ല.".

5. <u>1994-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി</u>.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) 24-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (എ) ചാൻസലർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങൾ ശിപാർശ ചെയ്യുന്ന മൂന്നു പേരുകളടങ്ങിയ ഒരു പാനലിൽ നിന്നും ഒരാളെ ചാൻസലർ, വൈസ്-ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത് :—

(i) വൈസ്-ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ - കൺവീനർ;

(ii) ചാൻസലർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iv) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(v) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യു ഒരാൾ:

എന്നാൽ, സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരായ ആളുകളായിരിക്കേണ്ടതും സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടില്ലാത്തതുമാണ്.

(ബി) സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി, അതിന്റെ നിയമന തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിലോ ഇതിലേയ്ക്കായി ചാൻസലർ നിർദ്ദേശിച്ചേയ്ക്കാവുന്ന ഒരു മാസത്തിൽ അധികരിക്കാത്ത അങ്ങനെയുള്ള അധിക കാലയളവിനുള്ളിലോ പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

(സി) ചാൻസലർ, (2)-ാം ഉപവകുപ്പ് പ്രകാരം സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച പാനൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.".

6. 1996-ലെ 22-ാം ആക്റ്റിനുള്ള ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22),—

(എ) 2-ാം വകുപ്പിൽ, (xi)-ാം ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(xi എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;";

(ബി) 10-ാം വകുപ്പിൽ,-

(1) മുതൽ (3) വരെയുള്ള ഉപവകുപ്പുകൾക്കു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ചാൻസലർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങൾ ശിപാർശ ചെയ്യുന്ന മൂന്ന് പേരുകളടങ്ങിയ ഒരു പാനലിൽ നിന്നും ഒരാളെ ചാൻസലർ, വൈസ്-ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത് :—

(i) വൈസ്-ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ - കൺവീനർ;

(ii) ചാൻസലർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(iv) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ നാമനിർദ്ദേശം ചെയ്യു ഒരാൾ;

(v) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യു ഒരാൾ:

എന്നാൽ, സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരായ ആളുകളായിരിക്കേണ്ടതും സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടില്ലാത്തതുമാണ്.

(2) സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി, അതിന്റെ നിയമന തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിലോ ഇതിലേയ്ക്കായി ചാൻസലർ നിർദ്ദേശിച്ചേയ്ക്കാവുന്ന ഒരു മാസത്തിൽ അധികരിക്കാത്ത അങ്ങനെയുള്ള അധിക കാലയളവിനുള്ളിലോ പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

(3) ചാൻസലർ, (2)-ാം ഉപവകുപ്പ് പ്രകാരം സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച പാനൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.";

(iii) (4) മുതൽ (8) വരെയുള്ള ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്;

(iv) (9)-ാം ഉപവകുപ്പിൽ, "അറുപത്" എന്ന വാക്കിനു പകരം "അറുപത്തിയഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (മിനിമം ക്വാളിഫിക്കേഷൻസ് ഫോർ അപ്പോയിന്റ്മെന്റ് ഓഫ് ടീച്ചേഴ്സ് ആന്റ് അദർ അക്കാദമിക് സ്റ്റാഫ് ഇൻ യൂണിവേഴ്സിറ്റീസ് ആന്റ് കോളേജസ് ആന്റ് അദർ മെഷേഴ്സ് ഫോർ ദ മെയിന്റനൻസ് ഓഫ് സ്റ്റാൻഡേർഡ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ) റെഗുലേഷൻസ്, 2018, സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി സമർപ്പിക്കുന്ന ഒരു പാനലിൽ നിന്നും വൈസ്-ചാൻസലറെ ചാൻസലർ നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. വൈസ്-ചാൻസലറുടെ നിയമനത്തിനായി രൂപീകരിക്കേണ്ട സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ചു. സർക്കാർ, പ്രസ്തുത നിർദ്ദേശം പരിശോധിക്കുകയും സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ രണ്ട് അംഗങ്ങളെ അധികമായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. വൈസ്-ചാൻസലറുടെ നിയമനത്തിനായുള്ള പ്രായപരിധി സംബന്ധിച്ച വ്യവസ്ഥയും കൂടി ഭേദഗതി വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു. അതിനാൽ, പ്രസ്തുത ആവശ്യത്തിലേയ്ക്കായി 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് (1985-ലെ 12), 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റ് (1994-ലെ 5), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് (1996-ലെ 22) എന്നിവ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. ആർ. ബിന്ദു

(ശരിത്തർജ്ജമ)

# 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1974-ലെ 17)

** ** ** **

2. <u>നിർവ്വചനങ്ങൾ.</u>—(1) ഈ ആക്റ്റിൽ, സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

** ** ** **

(11) "ഗവൺമെന്റ് കോളേജ്" എന്നതിന് ഗവൺമെന്റ് നടത്തുന്നതും സർവ്വകലാശാലയോട് സംയോജിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

** ** ** **

10. <u>വൈസ് ചാൻസലർ.</u>—(1) സെനറ്റ് തെരഞ്ഞെടുക്കുന്ന ഒരാളും, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാളും, മൂന്നാമത് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളും അങ്ങനെ മൂന്നംഗങ്ങൾ അടങ്ങിയതും ചാൻസലർ നിയമിക്കുന്നതുമായ കമ്മിറ്റിയുടെ ഏകകണ്ഠമായ ശുപാർശയിന്മേൽ ചാൻസലർ വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. കമ്മറ്റിയിലെ ഒരംഗത്തെ ചാൻസലർ, അതിന്റെ കൺവീനറായി നിയമിക്കേണ്ടതാണ്. കമ്മറ്റി അതിന്റെ നിയമനത്തിനുശേഷം മൂന്നു മാസക്കാലത്തിനകം അതിന്റെ ശുപാർശ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കുന്ന കമ്മറ്റിക്ക് ഏകകണ്ഠമായി ഒരു പേര് ശുപാർശ ചെയ്യുന്നതിന് കഴിയാതെ വരുന്ന സംഗതിയിൽ, ചാൻസലർ, മേൽപ്പറഞ്ഞ ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാലത്തിനകം കമ്മറ്റി അദ്ദേഹത്തിനു സമർപ്പിച്ച മൂന്നു പേരുകൾ ഉള്ള പാനലിൽ നിന്ന് വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു ഏകകണ്ഠമായ ശുപാർശ ചെയ്യുന്നതിനോ, (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതു പോലെ ഒരു പാനൽ സമർപ്പിക്കുന്നതിനോ കമ്മറ്റി പരാജയപ്പെടുകയാണെങ്കിൽ ഓരോ അംഗത്തിനും മൂന്നുപേരുകളുള്ള ഒരു പാനൽ സമർപ്പിക്കാവുന്നതും, ചാൻസലർ പാനലുകളിൽ പറഞ്ഞിട്ടുള്ള വ്യക്തികളിൽ ഒരാളെ വൈസ് ചാൻസലറായി നിയമിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം കമ്മറ്റിയിലെ ഏതെങ്കിലുമൊരു അംഗം പാനൽ സമർപ്പിക്കാതിരിക്കുന്നത്, വൈസ് ചാൻസലറുടെ നിയമനത്തെ അസാധുവാക്കുന്നതല്ല.

(5) അറുപതു വയസിൽ കൂടുതലുള്ള യാതൊരാളേയും വൈസ് ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.

** ** ** **

# 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1975-ലെ 5)

** ** ** **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

** ** ** **

(11) "ഗവൺമെന്റ് കോളേജ്" എന്നതിന് ഗവൺമെന്റ് നടത്തുന്നതും സർവ്വകലാശാലയോട് സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

** ** ** **

10. <u>വൈസ് ചാൻസലർ</u>.—(1) സെനറ്റ് തെരഞ്ഞെടുക്കുന്ന ഒരാളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാളും, മൂന്നാമത് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളും അങ്ങനെ മൂന്നംഗങ്ങൾ അടങ്ങിയതും ചാൻസലർ നിയമിക്കുന്നതുമായ കമ്മിറ്റിയുടെ ഏകകണ്ഠമായ ശുപാർശയിൻമേൽ ചാൻസലർ വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്. കമ്മിറ്റിയിലെ ഒരംഗത്തെ ചാൻസലർ, അതിന്റെ കൺവീനറായി നിയമിക്കേണ്ടതാണ്. കമ്മിറ്റി അതിന്റെ നിയമനത്തിനുശേഷം മൂന്നു മാസക്കാലത്തിനകം അല്ലെങ്കിൽ, ഇതിലേക്കായി ചാൻസലർ നിർദ്ദേശിക്കാവുന്ന, ഒരു മാസത്തിൽ കവിയാത്ത നീട്ടിയ കാലയളവിനുള്ളിൽ അതിന്റെ ശുപാർശ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കുന്ന കമ്മിറ്റിക്ക് ഏകകണ്ഠമായി ഒരു പേര് ശുപാർശ ചെയ്യുന്നതിന് കഴിയാതെ വരുന്ന സംഗതിയിൽ ചാൻസലർ, പ്രസ്തുത ഉപവകുപ്പിലോ, അതിൻകീഴിലോ പറഞ്ഞിട്ടുള്ള കാലത്തിനകം കമ്മിറ്റി അദ്ദേഹത്തിന് സമർപ്പിച്ച മൂന്നുപേരുകൾ ഉള്ള പാനലിൽ നിന്ന് വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു ഏകകണ്ഠമായ ശുപാർശ ചെയ്യുന്നതിനോ, (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു പാനൽ സമർപ്പിക്കുന്നതിനോ കമ്മിറ്റി പരാജയപ്പെടുകയാണെങ്കിൽ, കമ്മിറ്റിയിലെ ഓരോ അംഗത്തിനും മൂന്നുപേരുകളുള്ള ഒരു പാനൽ സമർപ്പിക്കാവുന്നതും ചാൻസലർ പാനലുകളിൽ പറഞ്ഞിട്ടുള്ള വ്യക്തികളിൽ ഒരാളെ വൈസ് ചാൻസലറായി നിയമിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം കമ്മിറ്റിയിലെ ഏതെങ്കിലുമൊരു അംഗം പാനൽ സമർപ്പിക്കാതിരിക്കുന്നത്, വൈസ് ചാൻസലറുടെ നിയമനത്തെ അസാധുവാക്കുന്നതല്ല.

(5) അറുപതു വയസിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ് ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.

** ** ** **

## 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1985-ലെ 12)

** ** ** **

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധം ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(11) "ഗവൺമെന്റ് കോളേജ്" എന്നാൽ സർക്കാർ നടത്തുന്നതും സർവ്വകലാശാലയുമായി സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

** ** ** **

10. <u>വൈസ് ചാൻസലർ.</u>—(1) ചാൻസലർ, ഇതിനുശേഷം വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം ഈ ആവശ്യത്തിനായി നിയമിക്കുന്ന ഒരു കമ്മിറ്റിയുടെ (ഇതിനുശേഷം കമ്മിറ്റി എന്നാണ് പരാമർശിക്കപ്പെടുക) ശുപാർശയിൻമേൽ വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) കമ്മിറ്റി മൂന്ന് അംഗങ്ങൾ അടങ്ങുന്നതാണ്,- സെനറ്റ് തെരഞ്ഞെടുക്കുന്ന ഒരാൾ, സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, മൂന്നാമത് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ: -

എന്നാൽ, സർവ്വകലാശാലയുടെ കീഴിൽ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന യാതൊരാളെയും കമ്മിറ്റിയിലെ ഒരംഗം എന്നനിലയിൽ നാമനിർദ്ദേശം ചെയ്യാൻ പാടുള്ളതല്ല.

(3) കമ്മിറ്റിയിലെ അംഗങ്ങളിൽ ഒരാളെ അതിന്റെ കൺവീനറായി ചാൻസലർ നിയമിക്കേണ്ടതാണ്.

(4) കമ്മിറ്റി അതിന്റെ ശുപാർശ അതിനെ നിയമിച്ച് അഞ്ച് മാസകാലയളവിനകമോ ഇതിലേക്കായി ചാൻസലർ വിനിർദ്ദേശിക്കാവുന്ന ഒരു മാസത്തിൽ കവിയാത്ത അധിക കാലയളവിനകമോ സമർപ്പിക്കേണ്ടതാണ്.

(5) കമ്മിറ്റി ഏകകണ്ഠേന ഒരാളുടെ പേരുമാത്രം ശുപാർശ ചെയ്യുന്ന സംഗതിയിൽ ചാൻസലർ അയാളെ വൈസ് ചാൻസലറായി നിയമിക്കേണ്ടതാണ്.

(6) കമ്മിറ്റിക്ക് ഏകകണ്ഠമായി ഒരു പേര് ശുപാർശ ചെയ്യാൻ കഴിയാത്ത സംഗതിയിൽ, (4)-ാം ഉപവകുപ്പിലോ അതുപ്രകാരമോ വിനിർദ്ദേശിച്ചിട്ടുള്ള

കാലയളവിനുള്ളിൽ കമ്മിറ്റി തനിക്ക സമർപ്പിച്ചിട്ടുള്ള മൂന്നുപേരുള്ള പാനലിൽനിന്ന്, ചാൻസലർ വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഏകകണ്ഠമായ ശുപാർശ സമർപ്പിക്കുന്നതിനോ അല്ലെങ്കിൽ (6)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഒരു പാനൽ സമർപ്പിക്കുന്നതിനോ കമ്മിറ്റി പരാജയപ്പെടുന്ന സംഗതിയിൽ, (4)-ാം ഉപവകുപ്പിലോ അതുപ്രകാരമോ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ കമ്മിറ്റിയിലെ അംഗങ്ങളിൽ ഭൂരിപക്ഷം തനിക്ക സമർപ്പിക്കുന്ന മൂന്നുപേരുള്ള പാനലിൽ നിന്നും ചാൻസലർ വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്.

(8) കമ്മിറ്റിയിലെ ഏതെങ്കിലും അംഗം (7)-ാം ഉപവകുപ്പിൻകീഴിൽ പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ് ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ല.

(9) അറുപത്തിയഞ്ചു വയസ് കഴിഞ്ഞ് യാതൊരാളും വൈസ് -ചാൻസലർ സ്ഥാനം വഹിക്കാൻ പാടുള്ളതല്ല.

** ** ** **

# 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1994-ലെ 5)

** ** ** **

24. <u>വൈസ് ചാൻസലർ:</u>—(1) വൈസ് ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(2) നിയമന സമയത്ത്, വൈസ് ചാൻസലർക്ക് അറുപത്തിയഞ്ച് വയസ് പൂർത്തിയായിരിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) (എ) ഗവൺമെന്റിന്റെ ഒരു നോമിനിയും സർവ്വകലാശാലാ ധനസഹായ കമ്മീഷന്റെ ഒരു പ്രതിനിധിയും സിൻഡിക്കേറ്റിന്റെ ഒരു നോമിനിയും ഉൾക്കൊള്ളുന്നതും ചാൻസലർ നിയമിക്കുന്നതുമായ ഒരു സെലക്ഷൻ കമ്മിറ്റിയുടെ (ഇതിനുശേഷം കമ്മിറ്റി എന്നാണ് പറയപ്പെടുക) ശുപാർശയിൻമേൽ വൈസ് ചാൻസലറെ ചാൻസലർ നിയമിക്കേണ്ടതാണ്. കമ്മിറ്റിയുടെ അംഗങ്ങളിൽ ഒരാളെ അതിന്റെ കൺവീനറായി ചാൻസലർ നിയമിക്കേണ്ടതാണ്.

(ബി) കമ്മിറ്റി ഒരാളുടെ പേര് ഐകകണ്ഠ്യേന ശുപാർശ ചെയ്യുകയാണെങ്കിൽ, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ചാൻസലർ ആ ശുപാർശ സ്വീകരിക്കേണ്ടതും ആ ആളെ വൈസ് ചാൻസലറായി നിയമിക്കേണ്ടതുമാണ്.

(സി) കമ്മിറ്റിക്ക് ഒരാളുടെ പേര് ഐകകണ്ഠ്യേന ശുപാർശ ചെയ്യാൻ കഴിയാതെ വരുകയാണെങ്കിൽ കമ്മിറ്റിക്ക് അർഹരായ മൂന്ന് പേരുൾപ്പെടുന്ന ഒരു പാനൽ ഐകകണ്ഠ്യേന ചാൻസലറോട് ശുപാർശ ചെയ്യാവുന്നതും അവരിൽ ഒരാളെ, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, വൈസ് ചാൻസലറായി നിയമിക്കേണ്ടതുമാണ്.

(ഡി) കമ്മിറ്റിക്ക് ഒരാളുടെ പേരോ മൂന്നുപേരുടെ ഒരു പാനലോ ഐകകണ്ഠ്യേന ശുപാർശ ചെയ്യാൻ കഴിയാതെ വരുന്ന പക്ഷം, കമ്മിറ്റിയിലെ ഓരോ അംഗത്തിനും അർഹതയുള്ള ഒരാളുടെ പേര് ശുപാർശ ചെയ്യാവുന്നതും (2)-ാം ഉപവകുപ്പിന് വിധേയമായി, ചാൻസലർ അവരിൽ ഒരാളെ വൈസ് ചാൻസലറായി നിയമിക്കേണ്ടതുമാണ്.

(ഇ) കമ്മിറ്റിയോ കമ്മിറ്റിയിലെ അംഗങ്ങൾ ഒറ്റയ്ക്കോ അതിനെ നിയമിച്ച് അറുപതു ദിവസത്തിനകം അതിന്റെ അതിന്റെയോ അദ്ദേഹത്തിന്റെയോ ശുപാർശ നൽകുന്നതിൽ പരാജയപ്പെടുന്നപക്ഷം, ആ കമ്മിറ്റി നിലവിലില്ലാതായിത്തീരുന്നതും അനുയോജ്യനായ ഒരാളെ ഗവൺമെന്റിന്റെ ഉപദേശത്തിനുമേൽ വൈസ് ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതുമാണ്.

** ** ** **

## 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1996-ലെ 22)

** ** ** **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(11) "ഗവൺമെന്റ് കോളേജ്" എന്നാൽ സർക്കാർ നടത്തുന്നതും, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യുന്നതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

** ** ** **

10. <u>വൈസ്-ചാൻസലർ</u>.—(1) ചാൻസലർ, ഈ ആവശ്യത്തിന് താൻ നിയമിക്കുന്ന ഒരു കമ്മിറ്റിയുടെ (ഇതിനുശേഷം കമ്മിറ്റി എന്നാണ് പരാമർശിക്കപ്പെടുക) ശുപാർശയിന്മേൽ, വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) കമ്മിറ്റി, സെനറ്റ് തെരഞ്ഞെടുക്കുന്ന ഒരാൾ, സർവ്വകലാശാലാ ധനസഹായ കമ്മീഷന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നാമൻ എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.

(3) കമ്മിറ്റിയിലെ അംഗങ്ങളിൽ ഒരാളെ അതിന്റെ കൺവീനറായി ചാൻസലർ നിയമിക്കേണ്ടതാണ്.

(4) കമ്മിറ്റി, അതിന്റെ നിയമനത്തിനുശേഷം മൂന്നുമാസക്കാലയളവിനുള്ളിലോ, ഇതിലേക്ക് ചാൻസലർ നിശ്ചയിക്കുന്ന, ഒരുമാസത്തിൽ കവിയാത്ത, അങ്ങനെയുള്ള കാലയളവിനുള്ളിലോ, അതിന്റെ ശുപാർശ സമർപ്പിക്കേണ്ടതാണ്.

(5) കമ്മിറ്റി ഐകകണ്ഠ്യേന ഒരാളുടെ പേരുമാത്രം ശുപാർശ ചെയ്യുന്ന സംഗതിയിൽ ചാൻസലർ അദ്ദേഹത്തെ വൈസ്-ചാൻസലറായി നിയമിക്കേണ്ടതാണ്.

(6) കമ്മിറ്റിക്ക് ഐകകണ്ഠ്യേന ഒരു പേര് ശുപാർശ ചെയ്യാൻ കഴിയാത്ത സംഗതിയിൽ, അത് (4)-ാം ഉപവകുപ്പിലോ അതിൻകീഴിലോ നിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ, മൂന്നു പേരുകളുള്ള ഒരു പാനൽ ചാൻസലർക്കു സമർപ്പിക്കേണ്ടതും, പാനലിൽനിന്നും ഒരാളെ വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതുമാണ്.

(7) (5)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഐകകണ്ഠ്യേന ശുപാർശ സമർപ്പിക്കുന്നതിനോ അല്ലെങ്കിൽ (6)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു പാനൽ സമർപ്പിക്കുന്നതിനോ കമ്മിറ്റിക്ക് കഴിയാത്ത സംഗതിയിൽ, കമ്മിറ്റിയിലെ ഓരോ അംഗത്തിനും മൂന്നു പേരുകളുള്ള ഒരു പാനൽ ചാൻസലർക്ക സമർപ്പിക്കാവുന്നതും പാനലുകളിൽ പറഞ്ഞിട്ടുള്ള ആളുകളിൽനിന്നും വൈസ്-ചാൻസലർ നിയമിക്കപ്പെടേണ്ടതുമാണ്.

(8) കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം (7)-ാം ഉപവകുപ്പിൻ കീഴിൽ ഒരു പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ്-ചാൻസലറുടെ നിയമനത്തെ അസാധുവാക്കുന്നതല്ല.

(9) അറുപത്തിയഞ്ചു വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളും വൈസ്-ചാൻസലറുടെ ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല.

** ** ** **